# APPLICATION UNDER RIGHT TO INFORMATION ACT – 2005

Subhash.S (Ex-Air Force)
Gallery
Poundkadavu
Valiyaveli-PO
Trivandrum-695021
Tele: 2414880

The Public Information Officer
Police Station, Thumba
Trivandrum

15.4.2012

Sir,

എന്റെ എളിയ അപേക്ഷ സ്വീകരിച്ച് വേൺട നടപടികൾ കൈക്കൊള്ളണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു.

തിരുവനന്തപുരം ആറ്റിപ്ര വില്ലേജിലെ പൗൺട്കടവിലുള്ള സർക്കാർ ഭൂമിയിൽ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ (അനധികൃത ഗുരുമന്ദിരം) ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതിനാൽ ആ അനധികൃത കെട്ടിടത്തിലെ രൺട് താക്കോലുകളും ശ്രീമതി. ശാലിനി തുമ്പ പോലീസ് സ്റ്റേഷനിൽ ഏൽപ്പിച്ചിട്ടുള്ളതാകുന്നു (No. 31/RTI Act/2012/TPS dated 17.2.2012).

തിരുവനന്തപുരം നഗരസഭ ടി. കെട്ടിടത്തിൽ ആർക്കും തന്നെ പ്രവേശനം അനുവദിച്ചിട്ടുമില്ല (GA7/176614/2010 dtd 2.3.2012).

എന്നാൽ 12.4.2012 ഉച്ചയ്ക്ക് 1:30ന് സർക്കാർ ഭൂമിയിൽ സ്ഥിതിചെയ്യുന്ന കെട്ടിടത്തിലെ കാണിക്കപ്പെട്ടി തുറന്ന് പണം എടുക്കുകയും, വിവരം 12.4.2012 ഉച്ചയ്ക്ക് 3 മണിക്ക് തുമ്പ പോലീസ് സ്റ്റേഷനിൽ (Tele: 2563754) അറിയിക്കുകയും, വിവരങ്ങളും എന്റെ ഫോൺ നമ്പരും SI ക്ക് നൽകുകയും, ഉടൻതന്നെ SI എന്നെ ഫോണിൽ വിളിച്ച് വിവരങ്ങൾ കേൾക്കുകയും ചെയ്തു. അതിനുശേഷം 14.4.2012 ന് രാത്രി 10 മണിയ്ക്ക് ടി. കെട്ടിടവും തുറന്നിരിക്കുന്നതായി കാണപ്പെട്ടു.

ആയതിനാൽ RTI Act-2005 പ്രകാരം താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് സത്യസന്ധമായ മറുപടി ലഭ്യമാക്കണമെന്ന് താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

1. സർക്കാർ ഭൂമിയിൽ സ്ഥിതിചെയ്യുന്ന കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കം പരിഹരിക്കുകയോ, ടി കെട്ടിടത്തിന്മേൽ അവകാശം ലഭിച്ചതായി ആരെങ്കിലും നിയമാനുസൃതമായ രേഖകൾ സഹിതം അവകാശവാദം ഉന്നയിക്കുകയോ ചെയ്തിട്ടുൺടോ?

2. ചോദ്യം നമ്പർ 1 ന്റെ ഉത്തരം 'ഇല്ല' എന്നാണെങ്കിൽ പോലീസ് സ്റ്റേഷനിൽ ഭദ്രമായി സൂക്ഷിച്ചുവരുന്ന താക്കോലുകൾ അർഹതയില്ലാത്തവരുടെ കൈയിൽ എത്തിചേരാതെ സൂക്ഷിക്കുക എന്ന ഉത്തരവാദിത്വം പാലിക്കാൻ പോലീസ് ബാധ്യസ്ഥരാണോ?

3. ശ്രീമതി. ശാലിനി കാണിക്കപ്പെട്ടിയുടെ താക്കോൽ പോലീസിനെ കബളിപ്പിച്ച് കൈവശം വച്ചിട്ടുൺടോ? ഉൺടെങ്കിൽ അത് അടിയന്തിരമായി സ്റ്റേഷനിൽ ഏൽപ്പിക്കാൻ വേൺട നടപടി സ്വീകരിക്കാനാകുമോ?

4. സർക്കാർ ഭൂമിയിൽ സ്ഥിതിചെയ്യുന്ന കെട്ടിടത്തിലെ രൺട് താക്കോലുകളും ശ്രീമതി. ശാലിനി തുമ്പ പോലീസ് സ്റ്റേഷനിൽ ഏൽപ്പിക്കുകയും ആയത് സ്റ്റേഷനിൽ ഭദ്രമായി സൂക്ഷിച്ചുവരികയും ചെയ്യുന്ന സ്ഥിതിയിൽ 12.4.2012 ഉച്ചയ്ക്ക് 1:30ന് കാണിക്കപ്പെട്ടി തുറന്ന്

പണം എടുത്തതും, 14.4.2012 രാത്രി 10 മണിയ്ക്ക് ടി. കെട്ടിടം തുറന്നിരിക്കുന്നതായി കാണപ്പെട്ടതുമായ നിയമവിരുദ്ധ പ്രവർത്തനങ്ങൾ പോലീസിന്റെ അറിവോടും സമ്മതത്തോടും കൂടെയാണോ നടന്നിട്ടുള്ളത്?

5. ചോദ്യം നമ്പർ 4 ന്റെ ഉത്തരം ‘അല്ല’ എന്നാണെങ്കിൽ കുറ്റക്കാർക്കെതിരെ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെ?

6. ചോദ്യം നമ്പർ 4 ന്റെ ഉത്തരം ‘ആണ്’ എന്നാണെങ്കിൽ അത് സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ തെളിവ് സഹിതം നൽകുക.

Yours truly,

(Subhash.S)